"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ഡോ.ശ്രീകാന്ത്.എസ്.എസ്., ജൂനിയർ കൺസൾട്ടന്റ് (ഇ.എൻ.ടി.) ബഹു:ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA 1200/2024 നമ്പർ ഹർജിയിന്മേലുള്ള 30.07.2024 തീയതിയിലെ ഉത്തരവ് അനുവർത്തനം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.2012/2024/H&FWD തീയതി,തിരുവനന്തപുരം, 23-08-2024

---

പരാമർശം:-

1. ഡോ.ശ്രീകാന്ത്.എസ്.എസ്., ജൂനിയർ കൺസൾട്ടന്റ് (ഇ.എൻ.ടി.) ബഹു:ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA 1200/2024 നമ്പർ ഹർജിയിന്മേലുള്ള 30.07.2024 തീയതിയിലെ ഉത്തരവ്
2. ഡോ.ശ്രീകാന്ത്.എസ്.എസ്. ആരോഗ്യ വകുപ്പ് സെക്രട്ടറിക്ക് സമർപ്പിച്ച 02.08.2024 തീയതിയായ അപ്പീൽ.
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 12.08.2024-ലെ DHS/18368/2024-EB4 നമ്പർ ഉത്തരവ്.

**ഉത്തരവ്**

2024 പൊതുസ്ഥലംമാറ്റത്തിൽ തൊടുപുഴ താലൂക്ക് ആസ്ഥാന ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റപ്പെട്ട ഇ.എൻ.ടി. വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ.ശ്രീകാന്ത്.എസ്.എസ്. ബഹു:ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA No.1200/2024 മേലുള്ള ബഹു:ട്രൈബ്യൂണലിന്റെ പരാമർശം (1) ഉത്തരവിൽ ഒന്നാം എതിർകക്ഷിയായ ആരോഗ്യ വകുപ്പ് സെക്രട്ടറിക്ക് മുൻപാകെ അപ്പീൽ അപേക്ഷ സമർപ്പിക്കുന്നതിന് അപേക്ഷകനും, അപേക്ഷ പരിശോധിച്ച്, അപേക്ഷകന് ജോലിക്രമീകരണ വ്യവസ്ഥയിൽ തിരുവനന്തപുരം ജില്ലയിൽ നിയമനം നൽകുവാൻ കഴിയുമോ എന്നത് കൂടി പരിഗണിച്ച് ടി അപേക്ഷ കൈപ്പറ്റി രണ്ടാഴ്ചയ്ക്കുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് 1-ാം എതിർകക്ഷിക്കും ബഹു:ട്രൈബ്യൂണൽ നിർദ്ദേശം നൽകിയിരുന്നു.

2) പാറശ്ശാല താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ജോലിയിൽ ഇരിക്കവെ ഡോ.ശ്രീകാന്ത് 2024 പൊതുസ്ഥലംമാറ്റത്തിനായി തിരുവനന്തപുരം ജനറൽ ആശുപത്രി, പേരൂർക്കട ജില്ലാ മാതൃകാ ആശുപത്രി, നെടുമങ്ങാട് ജില്ലാ ആശുപത്രി, ആറ്റിങ്ങൽ താലൂക്ക്

ആസ്ഥാന ആശുപത്രി എന്നീ സ്ഥാപനങ്ങളിലേയ്ക്ക് ഓപ്ഷൻ സമർപ്പിച്ചിരുന്നു. കരട് സ്ഥലംമാറ്റ പട്ടികയിൽ ഒന്നാം ഓപ്റ്റഡ് സ്റ്റേഷനായ തിരുവനന്തപുരം ജനറൽ ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റം അനുവദിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടർ ലിസ്റ്റ് പ്രസിദ്ധീകരിച്ചു. ആയതിനാൽ തന്നെ മെഡിക്കൽ ഓഫീസർക്ക് ടി സ്ഥലംമാറ്റത്തിന് എതിരായി അപ്പീൽ അപേക്ഷ സമർപ്പിക്കേണ്ടതായ സാഹചര്യം ഉണ്ടായില്ല. എന്നാൽ 26.07.2024-ലെ അന്തിമ സ്ഥലംമാറ്റ ഉത്തരവിൽ ഡോ.ശ്രീകാന്ത്.എസ്.എസ്.-നെ തൊടുപുഴ ജില്ലാ ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റം നൽകുകയുണ്ടായി. പ്രസ്തുത ഉത്തരവിനെതിരെ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് മുമ്പാകെ അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും ആയത് നിരസിക്കുകയും, തുടർന്ന് ഡോ.ശ്രീകാന്ത് ബഹു:ട്രൈബ്യൂണൽ മുമ്പാകെ OA 1200/2024 നമ്പർ ഹർജി ഫയൽ ചെയ്യുകയുമുണ്ടായി.

3) ചിറയിൻകീഴ് താലൂക്ക് ആസ്ഥാന ആശുപത്രിയിൽ നിലവിൽ നിയമനം നൽകിയിട്ടുള്ള മെഡിക്കൽ ഓഫീസർ ഹോം സ്റ്റേഷനിൽ 15 വർഷത്തിൽ കൂടുതൽ സർവ്വീസ് ഉള്ള സീനിയർ ഉദ്യോഗസ്ഥനാണെന്നും, കരട് ലിസ്റ്റിൽ അനുയോജ്യമായ സ്ഥാപനത്തിലേയ്ക്ക് സ്ഥലംമാറ്റം ശിപാർശ ചെയ്തിരുന്നുവെന്നും എന്നാൽ അന്തിമ പട്ടികയിൽ തൊടുപുഴയിലേയ്ക്ക് സ്ഥലംമാറ്റുകയാണ് ഉണ്ടായതെന്നും, 18 വയസ്സുള്ള മകന് bipolar disorder-ന് രണ്ടര വർഷമായി തിരുവനന്തപുരത്ത് ചികിത്സ ചെയ്തുകൊണ്ടിരിക്കുകയാണെന്നും, അപേക്ഷകന്റെ സാന്നിധ്യം മകന്റെ ചികിത്സയ്ക്ക് അനിവാര്യമായതിനാൽ തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ നിയമനം നൽകുന്ന വിഷയം പുനഃപരിശോധിക്കണമെന്നും, സ്ഥിര നിയമനം നൽകുവാൻ കഴിഞ്ഞില്ലെങ്കിൽ ജോലിക്രമീകരണ വ്യവസ്ഥയിൽ നിയമനം നൽകുന്നത് പരിഗണിക്കണമെന്നും ഡോ.ശ്രീകാന്ത് പരാമർശം (2) അപ്പീൽ അപേക്ഷയിൽ അഭ്യർത്ഥിച്ചിരുന്നു. മകന്റെ ചികിത്സാ രേഖകളും, മെഡിക്കൽ സർട്ടിഫിക്കറ്റും അപ്പീൽ അപേക്ഷയുടെ അനുബന്ധമായി സമർപ്പിച്ചിരുന്നു. ഡോ.എസ്.എസ്. ശ്രീകാന്ത് 13.08.2024 തീയതിയായി സമർപ്പിച്ച മറ്റൊരു അപേക്ഷയോടൊപ്പം 09.08.2024 തീയതിയായി പേരൂർക്കട മാനസികാരോഗ്യ കേന്ദ്രത്തിൽ നിന്നും ലഭ്യമായ മകന്റെ പേരിലുള്ള Disability Certificate ഹാജരാക്കിയിരുന്നു. ഡോ.ശ്രീകാന്തിന്റെ മകൻ ശ്രീ രോഹൻ ജുവാൻ ജോസഫ് 40% താൽക്കാലിക മാനസിക വൈകല്യമുള്ള വ്യക്തിയാണെന്നും, ടി അവസ്ഥ താൽക്കാലികമായതിനാൽ ടി സർട്ടിഫിക്കറ്റിന് 09.08.2026 വരെ മാത്രമേ പ്രാബല്യമുള്ളൂവെന്നും സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിട്ടുണ്ടായിരുന്നു.

4) പരാമർശം (3) പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ

ഡോ.ശ്രീകാന്ത് പൊതുസ്ഥലംമാറ്റത്തിന് അപേക്ഷിച്ച സ്ഥാപനങ്ങളിൽ നിയമനം നൽകിയവരുടെയും/ജോലി ചെയ്യുന്നവരുടെയും വിവരങ്ങൾ താഴെപ്പറയും പ്രകാരം ലഭ്യമാക്കിയിരുന്നു.

1) <u>ജനറൽ ആശുപത്രി, തിരുവനന്തപുരം</u>

തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ ജൂനിയർ കൺസൾട്ടന്റ് (ഇ.എൻ.ടി.)-യുടെ ഒരു തസ്തിക മാത്രമാണ് നിലവിലുള്ളത്. പ്രസ്തുത സ്ഥാപനത്തിലേയ്ക്ക് ആറ്റിങ്ങൾ താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ജോലി നോക്കിയിരുന്ന ഡോ.പ്രവീൺ.ബി, പാറശ്ശാല താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ജോലി നോക്കിയിരുന്ന ഡോ.ശ്രീകാന്ത്.എസ്.എസ്. എന്നിവർ സ്ഥലംമാറ്റത്തിനായി അപേക്ഷ സമർപ്പിച്ചു. രണ്ടുപേർക്കും ഒരേ സ്റ്റേഷൻ സീനിയോരിറ്റിയാണ് ഉണ്ടായിരുന്നത്. ആയതിനാൽ ടി ഡോക്ടർമാരിൽ തിരുവനന്തപുരം ജില്ലയിൽ കൂടുതൽ സേവനം അനുഷ്ഠിച്ചത് ഡോ.ശ്രീകാന്ത് ആയതിനാൽ ഡോ.പ്രവീൺ.ബി.-യെ തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ നിയമനം നൽകുന്നതിനായി തിരഞ്ഞെടുത്തു.

2) <u>ജില്ലാ മാതൃകാ ആശുപത്രി, പേരൂർക്കട</u>

ഡോ.ശ്രീകാന്തിന്റെ അതേ സ്റ്റേഷൻ സീനിയോരിറ്റിയാണ് പേരൂർക്കട ജില്ലാ മാതൃകാ ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റത്തിന് അപേക്ഷ സമർപ്പിച്ചിരുന്ന ഡോ.ബാബു.ബി.-ക്കും ഉണ്ടായിരുന്നത്. എന്നാൽ ഡോ.ബാബുവിന് അനുകമ്പാർഹമായ കാരണങ്ങളാൽ പേരൂർക്കട ജില്ലാ മാതൃക ആശുപത്രിയിൽ നിയമനം നൽകി.

3)<u>ജില്ലാ ആശുപത്രി, നെടുമങ്ങാട്, തിരുവനന്തപുരം</u>

30.04.2025-ന് സർവ്വീസിൽ നിന്നും വിരമിക്കുന്ന ഡോ.നസീറ എ. -ആണ് നെടുമങ്ങാട് ജില്ലാ ആശുപത്രിയിൽ ജോലി ചെയ്തു വരുന്നത്. ആയതിനാൽ ഡോ.നസീറ-യുടെ അപേക്ഷ പരിഗണിച്ച് ടിയാളെ പ്രസ്തുത സ്ഥാപനത്തിൽ തുടരുവാൻ അനുവദിച്ചു.

4)<u>താലൂക്ക് ആസ്ഥാന ആശുപത്രി, ആറ്റിങ്ങൽ</u>

16.09.2020 മുതൽ കണ്ണൂർ പേരാവൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ജോലി ചെയ്തു വരുന്ന ഡോ.ഷിജു.എ.-യുടെ അപേക്ഷ പരിഗണിച്ച് ടിയാന് ആറ്റിങ്ങൽ താലൂക്ക് ആസ്ഥാന ആശുപത്രിയിൽ നിയമനം അനുവദിച്ചു.

അനുകമ്പാർഹമായ പരിഗണന ലഭിക്കുന്നതിനായി മകന്റെ ചികിത്സ സംബന്ധിച്ച വിവരങ്ങൾ ഒന്നും തന്നെ ഓൺലൈൻ മുഖാന്തിരം സ്ഥലംമാറ്റ അപേക്ഷ സമർപ്പിച്ച വേളയിൽ ഡോ.ശ്രീകാന്ത് രേഖപ്പെടുത്തിയിരുന്നില്ല എന്നും, 25.02.2017 തീയതിയായ സ.ഉ(അച്ചടി) നം.03/2017/ഉഭപവ പ്രകാരം bipolar disorder സ്ഥലംമാറ്റത്തിനായി

പരിഗണിക്കപ്പെടാൻ മുൻഗണന അർഹിക്കുന്നതിനായുള്ള പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ലെന്നും, ഡോ.ശ്രീകാന്തിന് ജോലിക്രമീകരണ വ്യവസ്ഥയിൽ തിരുവനന്തപുരത്ത് നിയമനം നൽകുന്നത് തൊട്ടുപുഴ ജില്ലാ ആശുപത്രിയിലെ ഇ.എൻ.ടി. OP യെ പ്രതികൂലമായി ബാധിക്കുമെന്നും, ഇടുക്കി ജില്ലാ സർക്കാർ ഡോക്ടർമാരുടെ ക്ഷാമം അനുഭവപ്പെടുന്ന ജില്ലയാണെന്നും ആയതിനാൽ ജോലിക്രമീകരണ വ്യവസ്ഥയിലെ നിയമനത്തെ അനുകൂലിച്ച് ശിപാർശ ചെയ്യുന്നില്ല എന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. കൂടാതെ, 30.04.2025-ൽ ഡോ.നസീറ സർവ്വീസിൽ നിന്നും വിരമിക്കുന്നതിനാൽ 01.05.2025-ൽ തിരുവനന്തപുരം ജില്ലയിൽ ഇ.എൻ.ടി. വിഭാഗം ജൂനിയർ കൺസൾട്ടന്റ് തസ്തികയിൽ ഒഴിവ് നിലവിൽ വരുമെന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

5) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. മകന്റെ bipolar disorder സംബന്ധിച്ച വിവരങ്ങളോ Mental Disability സംബന്ധിച്ച വിവരങ്ങളോ ഡോ.ശ്രീകാന്ത്.എസ്.എസ്. ടിയാളുടെ സ്ഥലംമാറ്റ അപേക്ഷയോടൊപ്പം ചേർത്തിരുന്നില്ല. ആയതിനാലാണ് ടിയാന് സ്ഥലംമാറ്റ അപേക്ഷ പരിഗണിക്കുന്ന വേളയിൽ അനുകമ്പാർഹമായ പരിഗണന ലഭ്യമാകാതിരുന്നത്. നിലവിൽ ടിയാൻ മകൻ 40% mentally disable ആണെന്നു തെളിയിക്കുന്ന സർട്ടിഫിക്കറ്റ് സമർപ്പിച്ചിരിക്കുന്ന സാഹചര്യത്തിലും, ഡോ.ശ്രീകാന്ത്.എസ്.എസ്. 2024 വർഷത്തെ പൊതുസ്ഥലംമാറ്റം ആവശ്യപ്പെട്ട സ്ഥാപനങ്ങളിൽ ഇ.എൻ.ടി. വിഭാഗം ജൂനിയർ കൺസൾട്ടന്റ് തസ്തികയിൽ ഒഴിവ് നിലവിലില്ല എന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിലും ടിയാളുടെ അനുകമ്പാർഹമായ സാഹചര്യം കണക്കിലെടുത്ത് ടിയാളുടെ ഒന്നാമത്തെ choice ആയ തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ ഉത്തരവ് തീയതി മുതൽ 6 മാസത്തേക്ക് ജോലിക്രമീകരണ വ്യവസ്ഥയിൽ നിയമനം നൽകിക്കൊണ്ടും, തിരുവനന്തപുരം ജില്ലയിൽ ഇ.എൻ.ടി. വിഭാഗം ജൂനിയർ കൺസൾട്ടന്റ് തസ്തികയിൽ ഏറ്റവും ആദ്യം വരുന്ന ഒഴിവിൽ ഡോ.ശ്രീകാന്ത്.എസ്.എസ്.-ന് നിയമനം നൽകുവാൻ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

6) ഡോ.ശ്രീകാന്ത്.എസ്.എസ്.-ന് മേൽ പറയുന്ന പ്രകാരം ജോലിക്രമീകരണ വ്യവസ്ഥയിൽ തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ നിയമനം നൽകുന്നത് വഴി ടിയാൻ നിലവിൽ ജോലി ചെയ്യുന്ന തൊടുപുഴ ജില്ലാ ആശുപത്രിയിൽ ഉണ്ടാകുന്ന ഒഴിവ് നികത്തുന്നതിനുള്ള ക്രമീകരണം അടിയന്തിരമായി നടത്തുന്നതിനും ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകുന്നു.

7) ഡോ.ശ്രീകാന്ത്.എസ്.എസ്. ബഹു:ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA No.1200/2024 ന്മേലുള്ള പരാമർശം (1) ഉത്തരവ് ഇപ്രകാരം അനുവർത്തനം ചെയ്യപ്പെട്ടിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ചിത്ര കെ ദിവാകരൻ
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) തിരുവനന്തപുരം/ഇടുക്കി.
ഡോ.ശ്രീകാന്ത്.എസ്.എസ്. Zion, T.C. 94/217/1. തമ്പുരാൻമുക്ക് ജംഗ്ഷൻ, ജനറൽ ആശുപത്രിക്ക് സമീപം, തിരുവനന്തപുരം - 695 035.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പ

ഉത്തരവിൻ പ്രകാരം
Signed by
Anupama G Nair
സെക്ഷൻ ഓഫീസർ
Date: 23-08-2024 14:43:14

മേലെഴുത്ത് നം: 18368/2024/EB4/ആവഡ തീയതി 23/08/2024

സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേക്കും അനന്തര നടപടികൾക്കുമായി വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

ആരോഗ്യവകുപ്പ് ഡയറക്ടർക്കുവേണ്ടി